# <u>സാഹിത്യ ക്വിസ് - 2011</u>

1.മലയാളത്തിൽ ലഭ്യമായ ഏറ്റവും പഴയ നാടോടിപ്പാട്ട് ?

**പയ്യന്നൂർപ്പാട്ട്**

2.മാധ്യമാധിഷ്ഠിത വിദ്യാഭ്യാസം യാഥാർത്ഥ്യമാക്കുന്ന ഇഗ്നോയുടെ റേഡിയോ ചാനൽ ഏത്?

**ഗ്യാൻവാണി.എഫ്.എം - വിദ്യാരംഗം ആഗസ്റ്റ് ലക്കം**

3.കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ച വയലാ വാസുദേവൻ പിള്ളയുടെ നാടകം ഏത് ?

**അഗ്നി (1983)**

4<u>( ശബ്ദം)</u>നമ്മെ ആകർഷിച്ച ഈ ശബ്ദം ഏതു മലയാള കവിയുടേതാണ് ?

**എ.അയ്യപ്പൻ**

5.തത്ത്വമസി എന്ന പ്രശസ്ത ഗ്രന്ഥത്തിന്റെ കർത്താവ്

**സുകുമാർ അഴീക്കോട്**

6.ആരോമൽ പകിട കളിക്ക് പോയത് ?

പുത്തരിയങ്കം

ഉണ്ണിയാർച്ച കൂത്തു കാണാൻ പോയത്

ആരോമലുണ്ണി ചന്തുവിനെ കൊല്ലുന്നത്

ഇവ പ്രതിപാദിക്കുന്നത് ഏതു വടക്കൻ പാട്ടിലാണ് ?

**പുത്തൂരം പാട്ടിൽ**

7.<u>( ശബ്ദം)</u>ഏതു കൃതിയിലേതാണ് ഈ വരികൾ..................?

**ജ്ഞാനപ്പാന**

8.'കലാപ്രിയ' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന തമിഴ് കവിയാര് ?

**ടി.കെ. സോമസുന്ദരം**

9.<u>( വീഡിയോ)</u>കുന്നിന്റെ അവസ്ഥയിൽ വേദനിക്കുന്ന കവിയാര് ?

**പി.പി.രാമചന്ദ്രൻ**

10.കേരളോദയം എന്ന സംസ്കൃത മഹാകാവ്യം രചിച്ചതാര് ?

**ഡോ.കെ.എൻ.എഴുത്തച്ഛൻ**

വിദ്യാരംഗം ആഗസ്റ്റ് ലക്കം - ഡോ.കെ.എൻ.എഴുത്തച്ഛൻ - നിരൂപണത്തിലെ നീതി വാക്യം

11.സത്യൻ എന്ന നടൻ അവതരിപ്പിച്ച കഥാപാത്രത്തിന്റെ പേര്

**പളനി**

12.“നെന്നെക്കാൾ വലിയ കഥാപാത്രത്തെ സൃഷ്ടിച്ചു നിയ്യ്. ഇനി നെണക്കു ശോഭിക്കാൻ പ്രയാസാ” - ആര് ആരോടാണ് പറയുന്നത്. ?

**വി.കെ.എന്നിന്റെ 'അധികാരം' എന്ന കൃതിയിൽ രാമൻ നമ്പൂതിരി ഡെപ്യൂട്ടിയായ നാണ്വാരോട് പറയുന്നത്** - വിദ്യാരംഗം സെപ്റ്റംബർ ലക്കം വി.കെ.എൻ സമാന്തര ഭാഷയും ജീവിതവും - ശിവപ്രസാദ് പാലോട്

13.ഏത് പ്രശസ്ത കവിതയിലേതാണ് ഈ വരികൾ

**മനസ്വിനി**

14.നളചരിതം ആട്ടക്കഥയുടെ ഇതിവൃത്തം സ്വീകരിച്ചത് എവിടെ നിന്ന് ?

**മഹാഭാരതം വനപർവ്വത്തിൽ നിന്ന്**

15.ചിത്രം ശ്രദ്ധിച്ചുവല്ലോ ? ഒരുമുറി തേങ്ങാ (കേശവദേവ് ) , മുൾക്കിരീടം(പി.ഭാസ്കരൻ), ലീലാതിലകം, ശാലോമി(സി.ജെ.തോമസ് ) - ഈ പുസ്തകങ്ങളുടെ കവർ രൂപകൽപ്പന ആരുടേതാണ് ?

**സി.ജെ.തോമസ്**

വിദ്യാരംഗം ജൂൺ ലക്കം സി.ജെ. തോമസ് - ധിക്കാരങ്ങളും നിഷേധങ്ങളും - എ.ഷിജു

16.നല്ല കഥയ്ക്കുള്ള കേരള സംസ്ഥാന ഫിലിം അവാർഡ് നേടിയ സേതുവിന്റെ കഥ ഏത് ?

**പൂത്തിരുവാതിരരാവിൽ**

17.കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ 'മണ്ടേലയ്ക്ക് സ്നേഹപൂർവ്വം വിന്നി' എന്ന നാടകത്തിന്റെ കർത്താവ് ആര് ?

**പി.എം. ആന്റണി**

18.ശ്രീനാരായണഗുരുവിന്റെ ജന്മ ദേശം ഏത് ?

**ചെമ്പഴന്തി**

19.'വിനീതനായ ഒരു തമിഴ് വിദ്യാർത്ഥി ഇവിടെ അന്ത്യ വിശ്രമം കൊള്ളുന്നു' ആരുടെ കല്ലറയിലെ വാചകങ്ങളാണിവ

**റോബർട്ട് കാൾഡ്വെൽ**

20.( ശബ്ദം)ഈ ഗാനത്തിലെ വരികൾ ആരുടേതാണ് ?

**മുല്ലനേഴി നീലകണ്ഠൻ നമ്പൂതിരി**

21."വിതുമ്പിക്കരഞ്ഞുകൊണ്ട് തറയിൽ വീണു കിടക്കുന്ന പാലട പൊതിയെ നിറഞ്ഞ മിഴികളുമായി അവൾ ഉറ്റു നോക്കിക്കൊണ്ടു നിന്നു" - പ്രശസ്തനായ ഒരു കവിയുടെ കവിതയെ അടിസ്ഥാനമാക്കി തയ്യാറാക്കിയ കഥയുടെ അവസാല ഭാഗമാണ് ഇത് - കവിയാര് ? കവിതയേത് ?

**ഇടശ്ശേരി ഗേവിന്ദൻ നായരുടെ 'അങ്ങേ വീട്ടിലേക്ക്'**

**വിദ്യാരംഗം നവംബർ ലക്കം**

22.വിദ്യരംഗം മാസികയിൽ നിന്നുമുള്ള മനോഹര ചിത്രമാണ് ഇത് - ഈ ചിത്രം സൂചിപ്പിക്കുന്ന കഥയിലെ നായകനാര് ?

**മീൻ പിടിത്തക്കാരനായ സാന്റിയാഗോ**

23.പ്രശസ്തമായ ഈ പെയിന്റിംഗ് ആരുടേതാണ് ?

**കെ.സി.എസ്.പണിക്കർ**

24.കേരളത്തിലെ പ്രശസ്തനായ ചിത്രകാരനാണിദ്ദേഹം - ഇദ്ദേഹത്തിന്റെ ആത്മ കഥാംശമുള്ള പുസ്തകത്തിന്റെ പേരെന്ത് ?

**രേഖകൾ**

25."അസ്തിത്വവാദത്തിന്റെ ദാർശനിക സ്രോതസ്സ് സൃഷ്ടിച്ച ആധുനികതയുടെ ഉപജ്ഞാതാവ്", എന്ന് ഏതെഴുത്തുകാരനെയാണ് വിദ്യാരംഗം മാസികയിലെ ലേഖനത്തിൽ വിശേഷിപ്പിച്ചത് ?

**കാക്കനാടൻ ( ജോർജ്ജ് വർഗ്ഗീസ് - വിദ്യാരംഗം നവംബർ ,വിതുര ബേബി, കാക്കനാടൻ നിലച്ചു പോയ ശബ്ദം)**

26. ( ശബ്ദം) മറക്കുട തകർത്ത മനേവീര്യത്തിനുടമയുടെ ശബ്ദമാണ് കേട്ടത് - ആരാണിദ്ദേഹം---

**വി.ടി.ഭട്ടതിരിപ്പാട്**

27.( ശബ്ദം)വിപ്ലവവും സാഹിത്യവും മലയാളത്തിനു സമ്മാനിച്ച ഈ മഹത് വ്യക്തിയാര് ?

**ഇ.എം.എസ്**

28.( ശബ്ദം)സന്ന്യാസവും സാഹിതീ സേവനവും സമന്വയിപ്പിച്ച അന്താരാഷ്ട്ര പ്രശസ്തിയാർജ്ജിച്ച ഈ വ്യക്തിയാര് ?

**നിത്യചൈതന്യയതി**

29.സൂചനയുടെ അടിസ്ഥാനത്തിൽ ഉത്തരം കുറിക്കണം -
നിബന്ധന
സൂചന ഒന്നിന് ഉത്തരം കുറിച്ചാൽ ശരി ഉത്തരമെങ്കിൽ സ്കോർ - 3
രണ്ടാം സൂചനയിൽ ശരി ഉത്തരമെങ്കിൽ സ്കോർ - 2
മൂന്നാം സൂചനയിൽ ശരി ഉത്തരമെങ്കിൽ സ്കോർ - 1

ഓരോ സൂചനയും അവസരം ഉപയോഗിച്ചാൽ തുടർന്ന് അവസരമില്ല. ഏത് സൂചനയ്ക്ക് ഉത്തരം കുറിക്കുന്നുവോ ആ ടീം ഉത്തര കടലാസിൽ ഹാളിലെ ഇൻവിജിലേറ്ററുടെ ഒപ്പ് പതിപ്പിക്കണം

- സൂചന ഒന്ന്

ഈകൃതിയിലെ ഇരുപത്തിയൊന്നാം സർഗ്ഗത്തിന്റെ പേര് ചിത്ര സർഗ്ഗം എന്നാണ് - കൃതി ഏത് ?

- സൂചന രണ്ട്

ഈ കൃതി ആദ്യം അച്ചടിച്ച് വന്നത് മലയാളി മാസികയിൽ - കൃതി ഏത് ?

- സൂചന മൂന്ന്

മഹാകാവ്യ ലക്ഷണങ്ങളെല്ലാം ഒത്തിണങ്ങിയ മലയാളത്തിലെആദ്യ കാവ്യം

**രാമചന്ദ്രവിലാസം**

30.<u>( ശബ്ദം)</u>ഏത് കവിതയെ ആസ്പദമാക്കിയ കഥാപ്രസംഗമാണ് കേട്ടത്

**ആയിഷ**

31.<u>( ശബ്ദം)</u>ഈ പാട്ടിനെ ഏതു പ്രസ്ഥാനവുമായി ബന്ധിപ്പിക്കണം

വഞ്ചിപ്പാട്ട്

32.<u>( ശബ്ദം)</u>ഏതു വിഭാഗത്തിൽപ്പെടുന്ന സംഗീതമാണ് കേട്ടത്

സോപാനസംഗീതം

33.ത<u>( ശബ്ദം)</u>െക്കൻ കേരളത്തിലെ ഒരു ജില്ലയിൽ വളരെ പ്രചാരം നേടിയ ഒരു കലാ രൂപത്തിന്റെ പശ്ചാത്തല ഗാനമാണ് നാം കേട്ടത്. കലാരൂപമേത് ?

**പടയണി**

34.<u>( വീഡിയോ)</u>ആയിരം പാദസരങ്ങൾ കിലുങ്ങി.....................ഏതു സിനിമയിലേതാണ് ഈ ഗാനം

**നദി**

35.<u>( ശബ്ദം)</u>ഏത് വാദ്യോപകരണത്തിന്റെ ശബ്ദമാണിത് ?

പഞ്ചമുഖമിഴാവ്

36.എം.കെ.സാനുവിന് ഈ വർഷം കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത കൃതി ഏത് ?

ബഷീർ : ഏകാന്തവീഥിയിലെ അവധൂതൻ

37.<u>( ശബ്ദം)</u>മധ്യ കേരളത്തിൽ വളരെ പ്രചാരം നേടിയ ഒരു കലാ രൂപത്തിന്റെ പശ്ചാത്തല ഗാനമാണ് നാം കേട്ടത്. കലാരൂപമേത് ?

**മാർഗ്ഗംകളി**

38<u>( ശബ്ദം)</u>അനുഷ്ഠാന കലയുമായി ബന്ധപ്പെട്ട സംഗീതോപകരണമാണിത് - ഏതു സംഗീതോപകരണം ?

**പുള്ളോർവീണ**

**<u>ക്വിസ് മാസ്റ്റർ</u>**
**ജോൺ ജോസഫ്**